**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2758** **03-08-2021 - ൽ മറുപടിയ്ക്ക്**

**കർഷകരെ സഹായിക്കാനായി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ നാളികേര കർഷകരെയും സുഗന്ധദ്രവ്യ മേഖലയേയും സഹായിക്കാനായി വ്യവസായ ശാലകളുടെ ശ്രേണി സജ്ജമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്തെ നാളികേര കർഷകരെയും സുഗന്ധദ്രവ്യ മേഖലയേയും സഹായിക്കാനായി നാളികേരം, സുഗന്ധ വിളകൾ എന്നിവയെ അടിസ്ഥാനമാക്കി ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ (FPO) കൾ രൂപീകരിക്കുന്നതിന് പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. FPO കൾ രൂപീകരിക്കുന്നതോടെ വിളകളുടെ സംഭരണം, സംസ്കരണം, മൂല്യ വർദ്ധനവ്, വിപണി കണ്ടെത്തൽ തുടങ്ങിയ മേഖലകളിൽ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സാധിക്കുന്നതാണ്. മൂല്യ വർദ്ധിത ഉത്പന്നങ്ങൾ പ്രോത്സാഹിപ്പിച്ചുകൊണ്ട് നാളികേര കൃഷി ലാഭകരമാക്കുന്നതിന് ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം കേരളയുടെ നേതൃത്വത്തിൽ കാർഷിക മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി പ്രകാരം നാളികേര ഉല്പന്നങ്ങൾക്ക് മൂല്യവർധന നടത്തുന്നതിനായി സഹായം നൽകിയിട്ടുണ്ട്. വെർജിൻ കോക്കനട്ട് ഓയിൽ, തേങ്ങാപ്പാൽ, ഡെസിക്കേറ്റഡ് കോക്കനട്ട് പൌഡർ , ബേബി ഓയിൽ, തുടങ്ങിയ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾക്ക് 2016 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള കാലയളവിൽ സബ്സിഡിയായി 1,76,31,435/- (ഒരു കോടി ഏഴുപത്തിയാറു ലക്ഷത്തി മുപ്പത്തിയൊന്നായിരത്തി നാന്നൂറ്റി മുപ്പത്തിയഞ്ച് രൂപ മാത്രം) രൂപ നൽകിയിട്ടുണ്ട്. ബഹു. മുഖ്യ മന്ത്രിയുടെ നൂറു ദിന പരിപാടിയിൽ 25 FPO കൾ രൂപീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. FPO കൾ രൂപീകരിക്കുന്നതോടെ വിളകളുടെ സംഭരണം, സംസ്കരണം, മൂല്യ വർദ്ധനവ്, വിപണി കണ്ടെത്തൽ തുടങ്ങിയ മേഖലകളിൽ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സാധിക്കുന്നതാണ്. നാളികേരം അടിസ്ഥാനമാക്കിയുള്ള FPO കളും ഇതിൽ |

| | | | |
|---|---|---|---|
| | | | ഉൾപെടും. കേരളത്തിൽ KIIFB യുടെ ധനസഹായത്തോടെ രണ്ടു നാളികേര അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. കോഴിക്കോട് ജില്ലയിൽ വേങ്ങേരിയിലും കുത്താളിയിലും 20 ലക്ഷം രൂപ വീതം നൽകി സ്ഥാപിക്കുന്നതിനുള്ള നാളികേര അഗ്രോ പാർക്കിന്റെ DPR, KIIFB ക്ക് KAICO നൽകിയിട്ടുണ്ട്. KIIFB യുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. നാളികേരത്തിന്റെ മൂല്യ വർധിത ഉത്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി രൂപീകരിച്ചിട്ടുള്ള കേരള സംസ്ഥാന നാളികേര വികസന കോർപറേഷന് 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നാളികേര വികസന കോർപ്പറേഷന്റെ കീഴിൽ മാമത്ത് പ്രവർത്തിക്കുന്ന പ്ലാന്റിൽ വെളിച്ചെണ്ണ , വിർജിൻ കോക്കനട്ട് ഓയിൽ തുടങ്ങിയ മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തി വരുന്നു. മുൻകാലങ്ങളിൽ നാളികേര വികസന ബോർഡിന്റെ കീഴിൽ തുടങ്ങിയിട്ടുള്ള 29 ഫാർമർ പ്രൊഡ്യൂസർ കമ്പനികളിൽ വഴി നാളികേരം അടിസ്ഥാനമാക്കിയുള്ള നീര ഉൾപ്പടെയുള്ള നാളികേര മൂല്യവർധിത ഉത്പന്നങ്ങൾ ഉല്പാദിച്ചു വിപണനം നടത്തി വരുന്നു. ഇതിൽ നാലു FPC കൾക്കായി 199 ലക്ഷം രൂപ കൃഷി വകുപ്പിൽ നിന്നും നൽകിയിട്ടുണ്ട്. സുഗന്ധ ദ്രവ്യ മേഖലയിൽ വ്യവസായ ശാലകൾ പ്രത്യേകമായി ആരംഭിക്കുവാൻ കൃഷി വകുപ്പിന്റെ കീഴിൽ മറ്റ് പദ്ധതികൾ നിലവിലില്ല. |
| (ബി) | റബ്ബറിന്റെയും മറ്റും മൂല്യ വർദ്ധനയ്ക്കായി മികവിന്റെ കേന്ദ്രം രൂപീകരിക്കുന്നത് ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിൽ റബ്ബറിന്റെയും മറ്റും മൂല്യ വർദ്ധനയ്ക്കായി മികവിന്റെ കേന്ദ്രം രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ